കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി7- 1309/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/10/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15 കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

പകർപ്പ്:

1) ഡയറക്ടര്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)

ഡെപ്യൂട്ടി ഡയറക്ടർ

2) ജോയിന്റ് ഡയറക്ടര്, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി7- 1309/25 **തീയ്യതി:** 10/10/2025

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സുരേഷ്. എസ്	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	02-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	02-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

- ശ്രീ സജി പി ആര്, ഓഡിറ്റ് ഓഫീസര്(ഹ ഗ്രേ)
- സജിമോൾ വി, അസി.ഓഡിറ്റ് ഓഫീസർ
- ശ്രീ ബിനീത് രാജന്, സീനിയർ ഗ്രേഡ് ഓഡിറ്റർ
- ശ്രീ ഷിബു റ്റി, ഓഡിറ്റർ

(ബി) നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനസ്യ രാമൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ ബാബുരാജ് കെ	സെക്രട്ടറി	01-04-2024	29-08-2024
ശ്രീമതി മിനിജ പി തോമസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	30-08-2024	04-09-2024
ശ്രീ ഗോപകുമാർ ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-09-2024	08-09-2024
ശ്രീമതി സറീന അബ്ദുൾ വാഹാബ്	സെക്രട്ടറി	09-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പരീദുതീൻ വി എം	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. രാജേഷ് പി ആർ	മെഡിക്കൽ ഓഫീസർ പി എച്ച് സി	01-04-2024	31-03-2025
ഡോ. ജിൻസി കുര്യാക്കോസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. അനീഷ് വി ശർമ്മ	മെഡിക്കൽ ഓഫീസര്(ആയുർവേദം)	01-04-2024	31-03-2025
ശ്രീ ബിനീഷ് ബി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് , കരൂർ സർക്കിൾ	01-04-2024	31-03-2025
ശ്രീ അനീഷ് ലത്തീഫ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് , വലവൂർ സർക്കിൾ	01-04-2024	06-09-2024

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സുദീപ് റ്റി ജെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് , വലവൂർ സർക്കിൾ	07-09-2024	31-03-2025
ശ്രീ ക്രിസ്റ്റി ജോൺ ഡേവിഡ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി ഗ്രീഷ്മ കെ ആർ	അസിസ്റ്റന്റ് എഞ്ചിനീയര്, എൽ ഐ ഡി & ഇ ഡബ്ള്യു	01-04-2024	31-03-2025
ഡോ. നീതു ജോർജ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി മിനിജ പി തോമസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	04-09-2024
ശ്രീ ഗോപകുമാർ ജി	അസിസ്റ്റന്റ് സെക്രട്ടറി -ഇന്-ചാർജ്ജ്	05-09-2024	09-09-2024
ശ്രീമതി ഇന്ദു പി എൻ	അസിസ്റ്റന്റ് സെക്രട്ടറി	10-09-2024	31-03-2025
ശ്രീമതി സുനുമോൾ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ രാജേഷ് എൻ വൈ	ഹെഡ്മാസ്റ്റര്, ഗവ. യു.പി.എസ്., വലവൂർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25	1-1
2	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	മൂലധന നിക്ഷേപത്തിന്റെ(Capital Contribution) മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-3
5	വരവ് ചെലവ് കണക്കുകൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തില്ല.	1-1-4
6	മരാമത്ത് പാർട്ട് ബില്ലുകൾ Capital Work In Progress വിശദാംശം ലഭ്യമല്ല	1-1-5
7	Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-6
8	ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത ലഭ്യമല്ല	1-1-7
9	വാർഷികധനകാര്യപത്രിക പ്രകാരമുള്ള വിവിധ വരവിനങ്ങളുടെ ഡി സി ബി കണക്കുകൾ വരവ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-8
10	പ്രയർ പീരീഡ് ഇൻകം / എക്സ്പെൻഡിച്ചർ തുകകളുടെ കൃത്യത വ്യകതമല്ല.	1-1-9
11	വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം വാർഷികധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തില്ല.	1-1-10
12	ഭവനവായ്പാ നീക്കിയിരിപ്പ് കൃത്യമല്ല.	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഗ്രാന്റ് വിനിയോഗം	1-4
16	പദ്ധതിഅവലോകനം.	1-5
17	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
18	സാമൂഹ്യ സുരക്ഷ പദ്ധതികൾ	1-7
19	കാഷ് ബാലൻസ് പരിശോധന	1-8
20	ആഭ്യന്തരനിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല	1-11
23		1-12

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
	വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു	
24	ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം	1-13
25	വസ്തുനികുതി ഒഴിവാക്കി നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.	1-14
26	കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.	1-15
27	ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കുറവുവന്ന തൊഴിൽ നികുതി ഒടുക്കി.	1-16
28	പെർമിറ്റ് ഫീസ് തിരികെ നൽകല് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-17
29	വാടകക്കരാർ പുതുക്കാതെ കുത്തകക്കാർ തുടരുന്നു.	1-18
30	വാടക കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കിയില്ല.	1-19
31	ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത പണം യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല.	1-20
32	കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.	1-21
33	തനത് ഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല.	1-22
34	അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.	1-23
35	കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നതിൽ വീഴ്ച	1-24
36	വാഹനങ്ങളുടെ ലോഗ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ സുതാര്യമല്ല	1-25
37	ഫെസ്റ്റിവൽ അഡ്വാൻസ്- തിരികെ ഒടുക്ക് വരുത്തിയില്ല.	1-26
38	പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന റിപ്പോർട്ട് ലഭ്യമാക്കിയില്ല.	1-27
39	കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റര്-കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കുന്നില്ല	1-28
40	ലൈബ്രറി സെസ് -സമയബന്ധിതമായി ഒടുക്കു വരുത്തുന്നില്ല	1-29
41	ഡെപ്പോസിറ്റ് തുകകള് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-30
42	വാതിൽപ്പടി സേവനം - തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.	1-31
43	സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകള് - അനുബന്ധ രേഖകള്/ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-32
44	മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കല് -ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല .	1-33
45	സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ഥലം വാങ്ങൽ പ്രോജക്ടുകള്- തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.	1-34

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
46	നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.	1-35
47	തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.	1-36
48	വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടർ വാങ്ങല്- പഴയ മോട്ടറിന്റെ മൂല്യം നിർണ്ണയിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.	1-37
49	റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.	1-38
50	ടെണ്ടർ പരസ്യം നൽകിയതിൽ അവ്യക്തത- പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം സംരക്ഷിച്ചില്ല.	1-39
51	വയോജനങ്ങൾക്ക് കട്ടില് - കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.	1-40
52	ലൈഫ് ഭവനപദ്ധതി ജനറല്/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-41
53	വീട് വാസയോഗ്യമാക്കല് -പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായില്ല	1-42
54	ഹഡ്കോ ലോണ്- ഇനത്തില് 2,40,000/- രൂപ ചെലവഴിക്കുാൻ അവശേഷിക്കുന്നു.	1-43
55	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം	1-44
56	ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം	1-45
	ഭാഗം 2	
	--- No records found ---	
	ഭാഗം 3	
	--- No records found ---	
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
9	ഓഡിറ്റ് റിക്കവറി	4-9
10	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. **കരൂർ ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19/06/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങള്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങള്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങള്, ധനകാര്യ കമ്മീഷന്, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 10-10-2025 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (5,702,687/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 23,484,462/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം/നഷ്ടം ക്യാരി ഓവർ ചെയ്തതിന്റെ ആധികാരിക രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-1-2 മൂലധന നിക്ഷേപത്തിന്റെ(Capital Contribution) മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന നിക്ഷേപം (Capital Contribution) 65,097,971 രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2023-24 വരെയുള്ളത് ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-4 വരവ് ചെലവ് കണക്കുകൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തില്ല.

180400301 – ഓഡിറ്റ് റിക്കവറി ശീർഷകത്തിൽ 95562/- രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽ തുക 06.03.2025 ലെ XY-2943096 നമ്പർ ചെക്ക് ട്രഷറിയിലെ സാങ്കേതിക പ്രശ്നം മൂലം ഇരട്ടിപ്പായി നൽകിയത് തിരികെ ഈടാക്കിയ തുകയാണെന്ന് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുകയുടെ ആധികാരികത തെളിയിക്കുന്ന രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-1-5 മരാമത്ത് പാർട്ട് ബില്ലുകൾ Capital Work In Progress വിശദാംശം ലഭ്യമല്ല

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ചെലവ് തുക Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നതിനും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട Capital Work In Progress രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എഫ്) പ്രകാരം Capital Work In Progress ക്രമീകരണങ്ങൾ ഓരോ അർദ്ധവർഷത്തിലും സെക്രട്ടറി അനുബന്ധരേഖകളുമായി പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. ഫൈനൽ ബിൽ നൽകുമ്പോൾ മാത്രമാണ് അവ Capital Work In Progress-ൽ നിന്നും സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടത്. അപാകത പരിഹരിച്ച് ബന്ധപ്പെട്ട രജിസ്റ്റർ, തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ ശേഷം പകർപ്പ് മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

1-1-6 Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സർക്കാറിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശം, ഇനം, ലഭിച്ച കാലയളവ് എന്നിവ ഉൾപ്പെടെ ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(2)(ഡി) പ്രകാരം ഓരോ മാസാന്ത്യത്തിലും സർക്കാർ റിക്കവറികളുടെ ഒടുക്ക് നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. എസ്റ്റാബ്ലിഷ്മെന്റ് റിക്കവറികളുമായി ബന്ധപ്പെട്ട രജിസ്റ്ററും മറ്റ് സർക്കാർ റിക്കവറികളുടെ രജിസ്റ്ററും മുന്നിരിപ്പ് വിശദാംശം ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും ഓരോ മാസാവസാനവും സാമ്പത്തിക വർഷാവസാനവും കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-1-7 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത ലഭ്യമല്ല

31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 9.5 കോടി രൂപയുടെ സുസ്ഥിര ആസ്തികൾക്ക് 2024-25 വർഷം 40.28 ലക്ഷം രൂപയുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വിശദീകരിച്ചിട്ടില്ല.

1-1-8 വാർഷികധനകാര്യപത്രിക പ്രകാരമുള്ള വിവിധ വരവിനങ്ങളുടെ ഡി സി ബി കണക്കുകൾ വരവ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളായ വാടക , തൊഴിൽ നികുതി, IFTEOS & OS ലൈസൻസ് എന്നിവയുടെ ഡിസിബി കണക്കുകൾ വാർഷികധനകാര്യപത്രികയുമായി

പൊരുത്തപ്പെടുന്നില്ല. വാർഷികധനകാര്യപത്രിക പ്രകാരം 609613 രൂപ (current + arrears) കുടിശ്ശികയുണ്ട്. വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നില്ല. മറ്റ് വരവിനങ്ങളുടെ ഡിസിബി കൃത്യമായി കണക്കാക്കിയിട്ടില്ല. ഡിസിബി കണക്കുകൾ കൃത്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-1-9 പ്രയർ പീരീഡ് ഇൻകം / എക്സ്പെൻഡിച്ചർ തുകകളുടെ കൃത്യത വ്യകതമല്ല.

I-18 ഷെഡ്യൂളിൽ പ്രയർ പീരീഡ് എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്ത 880503/- രൂപയുടെയും I-19 ഷെഡ്യൂളിൽ പ്രയർ പീരീഡ് ഇൻകം ആയി അക്കൗണ്ട് ചെയ്ത 86613/- രൂപയുടെയും കൃത്യത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ ആധികാരികത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-10 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം വാർഷികധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തില്ല.

ബിൽ നം.24090 35202 04016 57569 /25.03.2025 പ്രകാരം 30000/- രൂപ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ശീർഷകത്തിൽ 2024-25 വർഷം ചെലവുണ്ടെങ്കിലും മേൽ ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-11 ഭവനവായ്പാ നീക്കിയിരിപ്പ് കൃത്യമല്ല.

ബി-5 ഷെഡ്യൂൾ 330500101 ശീർഷകം പ്രകാരം സമ്പൂർണ ഭവന പദ്ധതി പ്രകാരം വലവൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വായ്പയുടെ 31.03.2025 ലെ നീക്കിയിരിപ്പ് 1123559/- രൂപയാണ്. വായ്പാ രജിസ്റ്റര്, വരവ്ചെലവ് കണക്കുകൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 400000/- രൂപയാണ്. തുടർവർഷങ്ങളിൽ വാർഷികധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അപാകത ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024 ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17.03.2025 ലെ 2-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	**ബജറ്റ്**	**പരിഷ്ക്കരിച്ച ബജറ്റ്**
മുന്നിരിപ്പ്	20,662,072	20,662,072
വരവ്	172,476,195	172,883,497
ആകെ	**193,138,267**	**193,545,569**
ചെലവ്	188,498,390	189,498,390
നീക്കിയിരിപ്പ്	**4,639,877**	**4,047,179**

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റല്-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

കരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2024-25

മുന്നിരിപ്പ് (01/04/2024)	**43,629,588/-**
ഓഡിറ്റ് വർഷത്തെ വരവ് (Receipt)	**72,735,910/-**